REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 04-07-2024 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- രാജ്യത്തെ നൂറ്റിഅൻപത് നഗരങ്ങളുടെ വികസനം സ്മാർട്ട് സിറ്റി പദ്ധതിയിൽ 90 ശതമാനവും പൂർത്തീകരിച്ചതായി കേന്ദ്ര നഗര ഭവന കാര്യ മന്ത്രാലയം.
- കേന്ദ്രഗവൺമെന്റ് വിവിധ മന്ത്രിസഭാ സമിതികൾ രൂപീകരിച്ചു.
- ജാർഖണ്ഡിൽ മുഖ്യമന്ത്രി ചമ്പായ് സോറൻ രാജിവെച്ചു.
- അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ച് കോഴിക്കോട് ചികിൽസയിലായിരുന്ന കുട്ടി മരിച്ചു.
- യൂറോ കപ്പ് ക്വാർട്ടർ ഫൈനൽ മത്സരങ്ങൾ നാളെ ആരംഭിക്കും.

## വാർത്തകൾ വിശദമായി

രാജ്യത്തെ നൂറ്റിഅൻപത് നഗരങ്ങളുടെ വികസനം സ്മാർട്ട് സിറ്റി പദ്ധതിയിൽ 90 ശതമാനവും പൂർത്തീകരിച്ചതായി കേന്ദ്ര നഗര ഭവന കാര്യ മന്ത്രാലയം അറിയിച്ചു. ഇതുവരെ ഒരു ലക്ഷത്തി 44,000 കോടി രൂപയിലേറെ ചെലവഴിച്ചു.

പൗരന്മാർക്ക് അടിസ്ഥാന സൗകര്യങ്ങളും മാന്യമായ ജീവിത നിലവാരവും ശുദ്ധമായ വായുവും സുസ്ഥിരമായ പരിസ്ഥിതിയും ഉറപ്പുവരുത്തുന്നതിന് 2015 ലാണ് പദ്ധതി ആരംഭിച്ചത്. ബാക്കി പത്തുശതമാനം പ്രവർത്തനനങ്ങൾ പൂർത്തീകരിക്കുന്നതിന് കുറച്ചുകൂടി സമയം അനുവദിക്കണമെന്ന് ചില സംസ്ഥാനങ്ങളും നഗരസഭാപ്രതിനിധികളും അഭ്യർത്ഥിച്ചതായി മന്ത്രാലയം വ്യക്തമാക്കി. അഭ്യർത്ഥന മാനിച്ചു ശേഷിക്കുന്ന പ്രവർത്തികൾ പൂർത്തീകരിക്കാൻ പദ്ധതി കാലാവധി അടുത്തവർഷം മാർച്ച് 31 വരെ നീട്ടി.

✪✪✪

കേന്ദ്രഗവൺമെന്റ് വിവിധ മന്ത്രിസഭാ സമിതികൾ രൂപീകരിച്ചു. പ്രധാനമന്ത്രി നരേന്ദ്രമോദി അധ്യക്ഷനായ സാമ്പത്തിക കാര്യ സമിതിയിൽ 11 കേന്ദ്രമന്ത്രിമാർ അംഗങ്ങളാണ്. സുരക്ഷാ സമിതിയുടെയും അധ്യക്ഷൻ പ്രധാനമന്ത്രിയാണ്. രാഷ്ട്രീയ കാര്യ സമിതിയിലും നിയമന കാര്യ സമിതിയിലും പ്രധാനമന്ത്രി അംഗമാണ്.

പത്തംഗ പാർലമെന്ററി കാര്യ മന്ത്രിസഭാ സമിതിയുടെ അധ്യക്ഷൻ രാജ്നാഥ് സിംഗാണ്. മറ്റ് മന്ത്രിസഭാ സമിതികളും രൂപീകരിച്ചിട്ടുണ്ട്.

✪✪✪

രാജ്യത്തെ RTI അപേക്ഷകളിൽ ഏതാണ്ട് മുഴുവനായിത്തന്നെ തീർപ്പ് ഉണ്ടാകുന്നതായി കേന്ദ്രമന്ത്രി ഡോ. ജിതേന്ദ്ര സിംഗ് അറിയിച്ചു. ഓരോ വർഷവും തീർപ്പാക്കാത്ത

അപ്പീലുകളുടെ എണ്ണം കുറഞ്ഞു വരികയാണെന്ന് കേന്ദ്ര ഇൻഫർമേഷൻ കമ്മീഷൻ ഉന്നതതല അവലോകന യോഗത്തിൽ അദ്ദേഹം പറഞ്ഞു. മുഖ്യ വിവരാവകാശ കമ്മീഷണർ ഹീരാലാൽ സമാരിയ കമ്മീഷന്റെ പ്രവർത്തന പുരോഗതി യോഗത്തെ ധരിപ്പിച്ചു.

✪✪✪

പ്രമുഖ BJP നേതാവ് LK അദ്വാനിയെ ഡൽഹി അപ്പോളോ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അദ്ദേഹത്തിന്റെ ആരോഗ്യ നില തൃപ്തികരമാണെന്നും ഡോക്ടർമാരുടെ നിരീക്ഷണത്തിലാണ് അദ്ദേഹം കഴിയുന്നതെന്നും ആശുപത്രി കേന്ദ്രങ്ങൾ അറിയിച്ചു. വാർധക്യ സഹജമായ ആരോഗ്യ പ്രശ്നങ്ങളെ തുടർന്ന് അദ്വാനിയെ കഴിഞ്ഞാഴ്ച ന്യൂഡൽഹി എയിംസിൽ പ്രവേശിപ്പിച്ചെങ്കിലും പിറ്റേന്ന് ഡിസ്ചാർജ് ചെയ്യുകയായിരുന്നു.

✪✪✪

ദേശീയ മെഡിക്കൽ കമ്മീഷൻ ചെയർപേഴ്സണായി ഡോ. B.N ഗംഗാധറെ നിയമിച്ചു. നേരത്തെ അദ്ദേഹം മെഡിക്കൽ അസസ്മെന്റ് ആന്റ് റേറ്റിംഗ് ബോർഡ് പ്രസിഡന്റായിരുന്നു. ഈ ബോർഡിന്റെ പ്രസിഡന്റായി തിരുവനന്തപുരം ശ്രീ ചിത്തിര തിരുനാൾ മെഡിക്കൽ സയൻസ് ഡയറക്ടറായ ഡോ. സഞ്ജയ് ബഹാരിയെ നിയമിച്ചു. നാല് വർഷമോ 70 വയസ്സോ പൂർത്തിയാകുന്നത് വരെയോയാണ് നിയമനം.

✪✪✪

ജോലിയ്ക്കിടയിൽ വീരമൃത്യു വരിക്കുന്ന അഗ്നിവീർ ജവാന്മാരുടെ കുടുംബത്തിന് ലഭിക്കേണ്ട ആനുകൂല്യങ്ങൾ കൃത്യമായി നൽകുമെന്ന് സൈനിക കേന്ദ്രങ്ങൾ വ്യക്തമാക്കി. സൈനിക സേവനത്തിനിടെ വീരമൃത്യു വരിച്ച അജയ്കുമാറെന്ന ജവാന്റെ കുടുംബത്തിന് 98 ലക്ഷത്തിൽ പരം രൂപ നൽകിയതായി അവർ അറിയിച്ചു. വീരമൃത്യു വരിക്കുന്ന അഗ്നി വീർ അജയ് കുമാറിന്റെ ബന്ധുക്കൾക്ക് നഷ്ട പരിഹാരം നൽകിയില്ലെന്ന സാമൂഹിക മാധ്യമ പ്രചാരണം കണക്കിലെടുത്താണ് സൈന്യത്തിന്റെ വിശദീകരണം.

✪✪✪

ജാർഖണ്ഡിൽ മുഖ്യമന്ത്രി ചമ്പായ് സോറൻ രാജിവെച്ചു. ജാർഖണ്ഡ് മുക്തിമോർച്ച എക്സിക്യൂട്ടീവ് പ്രസിഡന്റ് ഹേമന്ത് സോറൻ വീണ്ടും മുഖ്യമന്ത്രിയാകുന്നതിന് വേണ്ടിയാണ് ചമ്പായ് സോറന്റെ രാജി. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് കഴിഞ്ഞ ജനുവരിയിൽ സാമ്പത്തിക ക്രമക്കേടിന്റെ പേരിൽ അറസ്റ്റ് ചെയ്തതിനെ തുടർന്നായിരുന്നു ഹേമന്ത് സോറൻ രാജി വെച്ചത്. JMM, കോൺഗ്രസ്, RJD, MLA മാർക്കൊപ്പം ഇന്ന് ഗവർണറെ കണ്ട് ഹേമന്ത് സോറൻ ഗവൺമെന്റ് രൂപീകരണത്തിന് അവകാശം ഉന്നയിക്കും.

✪✪✪

ഒരു ദിവസത്തെ ഇടവേളയ്ക്ക് ശേഷം സംസ്ഥാന നിയമസഭയുടെ 11-ാം സമ്മേളനം ഇന്ന് വീണ്ടും തുടങ്ങും. നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റ് ധനാഭ്യർത്ഥനകളെപ്പറ്റി

ചർച്ചയും തുടർന്ന് വോട്ടെടുപ്പ് നടക്കും. കേരളാ നികുതി വസൂലാക്കൽ ഭേദഗതി സംബന്ധിച്ച റിപ്പോർട്ട് ഉൾപ്പെടെ 10 റിപ്പോർട്ടുകളുടെ സമർപ്പണവും ഇന്നുണ്ടാകും.

✪✪✪

മഹാരാഷ്ട്രയിൽ സിക്ക വൈറസ് ബാധ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ കേന്ദ്ര ആരോഗ്യ മന്ത്രാലയം സംസ്ഥാനങ്ങൾക്ക് ജാഗ്രതാ നിർദേശം നൽകി.

ഗർഭിണികളിൽ സിക്ക വൈറസ് ബാധ പരിശോധിക്കാനും, ഭ്രൂണ വളർച്ച നിരീക്ഷിക്കാനും സൗകര്യങ്ങൾ ഉറപ്പുവരുത്തണമെന്ന് നിർദ്ദേശത്തിൽ പറയുന്നു.

✪✪✪

അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ച് കോഴിക്കോട് ചികിൽസയിലായിരുന്ന കുട്ടി മരിച്ചു. ഫറോക്ക് സ്വദേശിയായ 14 കാരൻ മൃദുലാണ് ഇന്നലെ അർദ്ധരാത്രിയോടെ മരിച്ചത്. ഫാറൂഖ് ഹയർ സെക്കന്ററി സ്കൂൾ ഏഴാം ക്ലാസ് വിദ്യാർത്ഥിയാണ് മൃദുൽ.

ഡെസ്ക് റിപ്പോർട്ട്

............വോയ്സ്........

കഴിഞ്ഞ മാസം 24 നാണ് കുട്ടിയെ രോഗ ലക്ഷണങ്ങളോടെ കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. രാമനാട്ടുകരയിലെ പൊതുകുളത്തിൽ കുളിച്ചതിനെ തുടർന്നാണ് ശാരീരിക അസ്വസ്ഥതകൾ പ്രകടമായത്.

സംസ്ഥാനത്ത് ഇതോടെ രണ്ട് മാസത്തിനിടെ അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് മരിച്ച കുട്ടികളുടെ എണ്ണം മൂന്നായി. കണ്ണൂരിലും മലപ്പുറത്തുമാണ് ഇതിനു മുമ്പ് രോഗം ബാധിച്ച് മരിച്ചത്.

നേഗ്ലെറിയ ഫൗലേറി എന്ന അമീബ വിഭാഗത്തിൽപ്പെട്ട രോഗാണു തലച്ചോറിനെ ബാധിക്കുമ്പോൾ ഉണ്ടാകുന്ന ഒരു രോഗമാണ് അമീബിക് മെനിഞ്ചോ എൻസെഫലൈറ്റിസ്. കെട്ടിക്കിടക്കുന്ന വെള്ളത്തിൽ ജീവിക്കുന്ന അമീബ മൂക്കിലെ നേർത്ത തൊലിയിലൂടെ മനുഷ്യശരീരത്തിൽ കടക്കുകയും തലച്ചോറിനെ ഗുരുതരമായി ബാധിക്കുന്ന മസ്തിഷ്കജ്വരം ഉണ്ടാക്കുകയുമാണ് ചെയ്യുന്നത്.

✪✪✪

കേരള ഫോക്‌ലോർ അക്കാദമി പുരസ്കാരങ്ങൾ വൈകിട്ട് തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ സമ്മാനിക്കും. ഒരു ലക്ഷം രൂപയും വെങ്കല ശിൽപവും കീർത്തിപത്രവും ഉൾപ്പെടുന്ന പി.കെ കാളൻ പുരസ്കാരത്തിന് അർഹനായത് ചിമ്മാനക്കളി ആചാര്യൻ K. കുമാരനാണ്. ചടങ്ങിൽ 157 കലാകാരന്മാർക്കും അക്കാദമി അവാർഡുകൾ സമ്മാനിക്കും.

✪✪✪

ട്വന്റി - 20 ലോകകപ്പ് ചാമ്പ്യൻമാരായ ഇന്ത്യൻ ടീം രാവിലെ ബാർബഡോസിൽ നിന്ന് ഡൽഹി വിമാനത്താവളത്തിലെത്തി. ടീം അംഗങ്ങൾക്ക് ഊഷ്മള സ്വീകരണം നൽകി. മോശം കാലാവസ്ഥയെ തുടർന്നാണ് ഇന്ത്യൻ ടീമിന്റെ മടക്കയാത്ര

വൈകിയത്. പ്രധാനമന്ത്രിയെ നേരിൽ കാണുന്ന ടീം വൈകിട്ട് മുംബൈയിൽ വിക്ടറി പരേഡിൽ പങ്കെടുക്കുമെന്ന് BCCI സെക്രട്ടറി ജെയ്ഷ അറിയിച്ചു. തുടർന്ന് വാങ്കഡെ സ്റ്റേഡിയത്തിൽ പ്രത്യേക പരിപാടിയും സംഘടിപ്പിച്ചിട്ടുണ്ട്. ടീമിന്റെ പ്രൈസ് മണി ചടങ്ങിൽ സമ്മാനിക്കും.

✪✪✪

യൂറോ കപ്പ് ക്വാർട്ടർ ഫൈനൽ മത്സരങ്ങൾ നാളെ ആരംഭിക്കും.

ആദ്യ മത്സരത്തിൽ രാത്രി ഒൻപതരയ്ക്ക് സ്പെയിനും ജർമനിയും ഏറ്റുമുട്ടും. രണ്ടാം ക്വാർട്ടറിൽ രാത്രി 12.30 ന് പോർച്ചുഗൽ - ഫ്രാൻസിനെ നേരിടും. ഈ രണ്ടു മത്സരങ്ങളിലേയും ജേതാക്കളാണ് ആദ്യ സെമിയിൽ ഏറ്റുമുട്ടുന്നത്.

✪✪✪

കോപ്പ അമേരിക്ക ഫുട്ബാൾ ക്വാർട്ടർ ഫൈനൽ മത്സരങ്ങൾക്ക് നാളെ തുടക്കമാകും. രാവിലെ ആറരയ്ക്ക് അർജന്റീന - ഇക്വഡോറിനെ നേരിടും.

✪✪✪

വിംബിൾഡൺ ടെന്നീസിൽ ഇന്ത്യൻ സഖ്യം രോഹൻ ബൊപ്പണ്ണയ്ക്കും മാത്യു എബ്ഡനും വിജയത്തുടക്കം. ആദ്യ റൗണ്ടിൽ ഡച്ച് സഖ്യത്തെയാണ് അവർ ലണ്ടനിൽ തോൽപ്പിച്ചത്. അടുത്ത റൗണ്ടിൽ ജർമ്മൻ സഖ്യത്തെ അവർ നേരിടും.

✪✪✪

കണ്ണൂർ വിമാനത്താവളത്തിലെ മയിൽ ശല്യം ചർച്ച ചെയ്യാൻ നാളെ മന്ത്രി A.K ശശീന്ദ്രന്റെ അധ്യക്ഷതയിൽ യോഗം ചേരും. ചീഫ് വൈൽഡ് ലൈഫ് വാർഡൻ, എയർപോർട്ട്, വനം വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കും.

✪✪✪

കണ്ണൂർ ഇരിട്ടിക്കടുത്ത് പടിയൂരിലെ പൂവം പുഴയിൽ കാണാതായ രണ്ടു വിദ്യാർത്ഥിനികൾക്കായി ഇന്നും തിരച്ചിൽ തുടരും. ദേശീയ ദുരന്ത നിവാരണ സേന സ്ഥലത്തെത്തിയിട്ടുണ്ട്.

ഇരിക്കൂർ സിബ്ഗ കോളേജ് വിദ്യാർഥിനികളായ ചക്കരക്കല്ലിലെ സൂര്യ, എടയന്നൂരിലെ ഷഹർബാൻ എന്നിവരെയാണ് ചൊവ്വാഴ്ച വൈകിട്ട് പുഴയിൽ കാണാതായത്.

✪✪✪

പോർച്ചുഗലിൽ യുനെസ്ക്കോ' ക്രിയേറ്റീവ് സിറ്റീസ് ബ്രാഗ വാർഷിക കോൺഫറൻസിന്റെ മൂന്നാം ദിവസമായ ഇന്നലെ ക്രിയേറ്റീവ് നഗരങ്ങളുടെ മേയഴ്സ് ഫോറത്തിൽ കോഴിക്കോട് മേയർ ഡോ.ബീനാ ഫിലിപ്പ് ബ്രാഗാ മാനിഫെസ്റ്റോയിൽ ഒപ്പു വെച്ചു. സാംസ്കാരിക നയങ്ങളും സുസ്ഥിര വികസനവും സംബന്ധിച്ച പ്രവർത്തന പദ്ധതിയാണ് ബ്രാഗ മാനിഫെസ്റ്റോ .

✪✪✪

കോഴിക്കോട് പുലിക്കയത്ത് ഗവൺമെന്റ് സ്ഥാപിച്ച ടൂറിസം ഫെസിലിറ്റേഷൻ കേന്ദ്രം ഞായറാഴ്ച മന്ത്രി P.A മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. വിനോദ സഞ്ചാര വകുപ്പും കോഴിക്കോട്ടെ ജെല്ലിഫിഷ് വാട്ടർ സ്പോർട്സും ചേർന്നാണ് കേന്ദ്രം പ്രവർത്തിപ്പിക്കുന്നത്. അന്താരാഷ്ട്ര നിലവാരത്തോട് കൂടിയ വൈറ്റ് വാട്ടർ കയാക്കിങ് കോഴ്സ്, റാഫ്റ്റിങ്, റെസ്ക്യൂ കോഴ്സ് എന്നിവയിൽ കേന്ദ്രത്തിൽ പരിശീലനം നൽകും.

2023 ലെ മലബാർ റിവർ ഫെസ്റ്റിവലിന്റെ മാധ്യമ അവാർഡുകളും മന്ത്രി ചടങ്ങിൽ വിതരണം ചെയ്യും.

✪✪✪

കേരളത്തിലെ ആദ്യ E-സ്പോർട്സ് കേന്ദ്രം തലശ്ശേരി V.R കൃഷ്ണയ്യർ മെമ്മോറിയൽ മുൻസിപ്പൽ സ്റ്റേഡിയത്തിൽ ആരംഭിക്കാൻ തീരുമാനമായി. രണ്ടു മാസത്തിനകം അത്യാധുനിക സൗകര്യങ്ങളോടു കൂടി ജിംനേഷ്യവും ഹെൽത്തി കിഡ്സ് പ്രോഗ്രാമും ആരംഭിക്കും.

✪✪✪

ഈരാറ്റുപേട്ടയിൽ രണ്ടു ലക്ഷത്തിൽ പരം രൂപയുടെ കള്ളനോട്ടുമായി മൂന്ന് യുവാക്കൾ പൊലീസിന്റെ പിടിയിലായി. അൽഷാം, അൻവർ ഷാജി, ഫിറോസ് എന്നിവരാണ് അറസ്റ്റിലായത്. ഈ മാസം ഒന്നിന് ഈരാറ്റുപേട്ട അരുവിത്തുറയിലെ ബാങ്ക് സിഡിഎമ്മിൽ നിന്ന് കള്ളനോട്ടുകൾ കിട്ടിയതിനെ തുടർന്ന് നൽകിയ

പരാതിയിലാണ് അറസ്റ്റ്. പ്രതികളെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

✪✪✪

നാഷണൽ സർവ്വീസ് സ്കീമിന്റെയും തദ്ദേശ ഭരണ വകുപ്പിന്റെയും സഹകരണത്തോടെ സംസ്ഥാനത്തെ മുഴുവൻ ഭിന്നശേഷിക്കാർക്കും ഏകീകൃത തിരിച്ചറിൽ കാർഡ് നൽകുന്ന പ്രത്യേക രജിസ്ട്രേഷൻ ക്യാമ്പയിൻ ഊർജ്ജിതമാക്കുമെന്ന് മന്ത്രി ഡോ. R. ബിന്ദു പറഞ്ഞു. മന്ത്രി M.B രാജേഷ് കൂടി പങ്കെടുത്ത യോഗത്തിലാണ് തീരുമാനം. പൂർണമായി കിടപ്പിലായ ഭിന്നശേഷിക്കാരുടെ വീടുകളിലെത്തി ആധാറും മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും നൽകാൻ നടപടിയെടുക്കുമെന്ന് മന്ത്രി തിരുവനന്തപുരത്ത് അറിയിച്ചു.

✪✪✪

കേരളത്തിൽ CPIM-ഉം CPI-ഉം തമ്മിൽ വലിയ തർക്കം നടക്കുന്നതായി മാധ്യമങ്ങൾ പ്രചരിപ്പിക്കുകയാണെന്ന് CPI സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം അഭിപ്രായപ്പെട്ടു. CPI ചില കാര്യങ്ങൾ പറഞ്ഞത് ഇടതുപക്ഷ ഐക്യം തകർക്കാനല്ലെന്ന് തിരൂരിൽ K. ദാമോദരൻ അനുസ്മരണം ഉദ്ഘാടനം ചെയ്യവെ ബിനോയ് വിശ്വം വ്യക്തമാക്കി.

✪✪✪

SFI അക്രമണം ക്യാമ്പസുകളിൽ തുടർക്കഥയാവുകയാണെന്ന് BJP സംസ്ഥാന പ്രസിഡന്റ് K.സുരേന്ദ്രൻ കോഴിക്കോട്ട് ആരോപിച്ചു. ക്യാമ്പസുകളിൽ വിദ്യാർത്ഥികളെ മാത്രമല്ല പ്രിൻസിപ്പാളിനെയും

**അധ്യാപകരെയും അവർ അക്രമിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുകയാണ്.**